പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1030 — 30.01.2019-ൽ മറുപടിക്ക്

## അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെ മിനിമം ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് മിനിമം ശമ്പളം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രീ പ്രൈമറി/ എൽ.പി./ യു.പി./ ഹൈസ്കൂൾ/ഹയർസെക്കണ്ടറി എന്നീ വിഭാഗത്തിലെ അധ്യാപകർക്ക് നിശ്ചയിച്ച മിനിമം ശമ്പളം എത്ര രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) ഈ അധ്യാപകർക്ക് ഒരു ദിവസത്തെ ജോലി സമയം എത്ര മണിക്കൂറാണെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ഇല്ല. |
| (സി) അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ പേർക്കും ബാധകമാകും വിധം മിനിമം കൂലി നിശ്ചയിക്കാനും ഇവരുടെ സേവനവേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമുള്ള സംവിധാനം നിലവിലുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) യും (ഡി) യും അദ്ധ്യാപകർ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 2 (i) പ്രകാരം തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ടി ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകേതര ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 12/09/2011 തീയതിയിലെ ജി.ഒ(പി) നമ്പർ |

155/2011/തൊഴിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.